Wardens—Colonies.

168. മിസ്റ്റർ കെ. പി. വള്ളോൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ബഹുമാനപ്പെട്ട ദേവസ്വമെമ്പർക്കു ദയവുണ്ടാകുമോ.—

ഈശ്വരാനന്ദസ്വാമി, സദാനന്ദസ്വാമി, ഗോപാലാനന്ദസ്വാമി എന്നീ സ്വാമിവാർഡൻമാർ ഇപ്പോൾ എവിടെയാണു ജോലി നോക്കുന്നതു; ടിയാന്മാർക്കുള്ള ജോലികളെന്തെല്ലാം; ഫണ്ടിൽ സ്വാമിമാർക്ക് അലവൻസെത്ര?

രാമവർമ്മതമ്പുരാൻ.—(എ) ഈശ്വരാനന്ദസ്വാമി എന്ന ഒരാൾ മാത്രമെ വാർഡനുള്ളു. ടിയാൻ ആനന്ദപുരം കാളനിയിലാണു.

(ബി) കാളനിയിൽ നിവസിക്കുന്ന പുലയരാദിയായ അധഃകൃതരുടെ ഇടയിൽ സദാചാരം, ശുചിത്വം, ഐശ്വര്യം മുതലായവ അഭിവൃദ്ധിപ്പെടുത്തുവാൻവേണ്ടി ഡിസ്പ്രാക്ടൈണ്ടിൽനിന്നും കല്പിക്കുന്ന വേലകൾ ചെയ്യുന്നു.

(സി) ടിയാനു പ്രതിമാസം എത്ര രൂപ കണക്കു അലവൻസു കൊടുക്കാറുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—വാർഡന്മാർക്കു് ട്രാവലിംഗ് അലവൻസു കൊടുക്കാറുണ്ടോ?

രാമവർമ്മതമ്പുരാൻ.—അനാവശ്യമായിട്ടു പറയുവാൻ എന്നു ഞാൻ ഇന്നലെ പറഞ്ഞു.

Houses—Nandikara Colony.

169. മിസ്റ്റർ കെ. പി. വള്ളോൻ.—നന്തിക്കര കാളനിയിൽ എത്ര വീടുകൾ പണിചെയ്തുകൊടുത്തിട്ടുണ്ടു്; ടി കാളനിയിൽ പണിചെയ്തിട്ടുള്ളതു് കല്ലുകൊണ്ടോ മണ്ണുകൊണ്ടോ?

രാമവർമ്മതമ്പുരാൻ.—നാലു വീടുകൾ പണിയിച്ചിട്ടുണ്ടു്. വെട്ടുകല്ലും ഇഷ്ടികയുംകൊണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—മൂന്നു വീടുകൾ മാത്രം പണിചെയ്തുകൊടുത്തിട്ടുള്ള സ്ഥലത്തിനാണോ കാളനിയെന്നു പറയുന്നതു്?

രാമവർമ്മതമ്പുരാൻ.—അതെ.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ മൂന്നു വീടുകൾ പണിയിച്ചുകൊടുത്തിട്ടുള്ള സ്ഥലത്തു് ഇപ്പോൾ എത്രായിരം ഉറുപ്പിക ചിലവുചെയ്തിട്ടുണ്ടെന്നു് ദേവസ്വമെമ്പർ ദയവായിരിക്കുമോ?

രാമവർമ്മതമ്പുരാൻ.—അതു കണക്കിനൊന്നും ചിലവുചെയ്തിട്ടില്ല. മുന്നൂറോ അഞ്ഞൂറോ ഉറുപ്പിക ചിലവായിരിക്കും.

മിസ്റ്റർ കെ. എം. സീതി.—ഇനിയും അവിടെ കൂടുതൽ വീടുകൾ പണിയുവാനുള്ള സ്ഥലമുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഉണ്ടായിരിക്കും. അല്ലാതെ അങ്ങനെ ഒരു കാളനി തുടങ്ങുകയില്ല

LIBRARY ARCHIVES Kerala Legislative Assembly